**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3494** **12-03-2025 - ൽ മറുപടിയ്ക്ക്**

**പാലാ മണ്ഡലത്തിലെ റബ്ബർ കൃഷി പ്രോത്സാഹന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പാലാ മണ്ഡലത്തിൽ റബ്ബർ കൃഷി പ്രോത്സാഹനത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ലോകബാങ്ക് ധനസഹായത്തോടു കൂടി നടപ്പാക്കുന്ന KERA പദ്ധതിയുടെ ഘടകം 2 ൽ (പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി മൂല്യവർദ്ധനയ്ക്കായി ചെറുകിട കാർഷിക വാണിജ്യവത്കരണം വർദ്ധിപ്പിക്കുക) ഉൾപ്പെടുത്തി സംസ്ഥാനത്ത് തോട്ടം മേഖലയിൽ റബ്ബർ കൃഷിയുടെ പുനരുദ്ധാരണം ലക്ഷ്യമിട്ടിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി:-<br><br>(1) റബ്ബറിന്റെ വർദ്ധനവിനായി ഉത്പാദന ക്ഷമത കുറഞ്ഞ മരങ്ങൾ മുറിച്ച് മാറ്റി കാലാവസ്ഥാ മാറ്റ പ്രതിരോധ ശേഷിയുള്ള ഇനങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.<br><br>(2) നാമമാത്ര ചെറുകിട റബ്ബർ കർഷകർക്ക് സുസ്ഥിരമായ വരുമാനം ലക്ഷ്യമിട്ട് 5 വർഷത്തേയ്ക്ക് റബ്ബറിന് 30,000 ഹെക്ടറിന് 22,500/- ലക്ഷം രൂപ പുനർനടിൽ ധനസഹായം നൽകാൻ ലക്ഷ്യമിടുന്നു.<br><br>(3) കൂടാതെ റബ്ബർ ബോർഡിന്റെ ശിപാർശയ്ക്കനുസൃതമായി കാലാവസ്ഥാ മാറ്റത്തെ പ്രതിരോധിക്കുന്ന തൈകൾ ഉത്പാദിപ്പിക്കുന്നതിന് റബ്ബർ നഴ്സറികൾക്ക് 180 ലക്ഷം രൂപ ധനസഹായം ലക്ഷ്യമിടുന്നു.<br><br>(4) പ്ലാന്റേഷൻ ഡയറക്ടറേറ്റ് മുഖേന റബ്ബർ ബോർഡിന്റെ സാങ്കേതിക സഹായത്തോടു കൂടിയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>(5) 30000 ഹെക്ടർ റബ്ബർ കൃഷി പുനർനടീലിന് എറണാകുളം, കോട്ടയം, പത്തനംതിട്ട, കണ്ണൂർ, മലപ്പുറം, തിരുവനന്തപുരം ജില്ലകളിൽ ഹെക്ടറൊന്നിന് 75000 രൂപ വീതം 25 സെന്റ് മുതൽ അഞ്ച് ഹെക്ടർ വരെയുള്ള നാമമാത്ര ചെറുകിട റബ്ബർ കർഷകർക്ക് വ്യക്തിഗത ധനസഹായം ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| | | | (6) ഉത്പാദനക്ഷമത കുറഞ്ഞ മുപ്പത് വർഷത്തിന് മേൽ പ്രായമുള്ള റബ്ബർ മരങ്ങൾ മുറിച്ച് മാറ്റി, പ്രാദേശികാടിസ്ഥാനത്തിലെ ഉത്പാദന ക്ഷമത കണക്കിലെടുത്ത് റബ്ബർ ബോർഡ് നിഷ്കർഷിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന ഇനങ്ങൾ നട്ട് KERA പദ്ധതിയുടെ മാർഗ്ഗനിർദ്ദേശാനുസൃതം പരിചരിച്ച് വിളവെടുപ്പ് ലക്ഷ്യമിടുന്നു.<br><br>(7) പദ്ധതിയുമായി ബന്ധപ്പെട്ട് ആദ്യഘട്ട പരിശീലനത്തിൽ 10 ഹെക്ടർ വരെ കൃഷി ചെയ്യുന്ന ഒരു ലക്ഷത്തോളം വരുന്ന റബ്ബർ കർഷകർക്ക് ബോധവത്ക്കരണവും കാലവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതടക്കമുള്ള ശാസ്ത്രീയ വിള പരിചരണമുറകളും നിർദ്ദേശങ്ങളും റബ്ബർ ബോർഡ് മുഖാന്തിരം നൽകാൻ ലക്ഷ്യമിടുന്നു.<br><br>(8) രണ്ടാം ഘട്ടത്തിൽ (രണ്ടാം വർഷം), ആദ്യ ഘട്ടം പരിശീലനം (ഒന്നാം വർഷം) ലഭിച്ച് പുനർ നടീൽ നടപ്പിലാക്കിയ 50,000 കർഷകർക്ക് തുടർ പരിചരണമുറകളും, മൂല്യ വർദ്ധിത ഉത്പാദനവും മികച്ച വിപണന തന്ത്രങ്ങളും ഉൾപ്പെടുന്ന പരിശീലനവും ലക്ഷ്യമിടുന്നു.<br><br>(9) റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റി അടക്കമുള്ള ഉത്പാദക സംഘങ്ങളെ മൂല്യവർദ്ധിത ശൃംഖലയിൽ കരുത്തരാക്കുന്നതിനുതകുന്ന പ്രൊഡക്റ്റീവ് അലയൻസ് വഴി മികച്ച വ്യാപാരികളുമായി അവരെ ബന്ധിപ്പിച്ചു കൊണ്ട് സുസ്ഥിരമായ വിപണി മൂല്യം റബ്ബറിന് നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. |
| (ബി) | സംസ്ഥാനത്ത് റബ്ബർ കൃഷി പ്രോത്സാഹനത്തിന് നിലവിൽ കർഷകർക്ക് സബ്സിഡി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നല്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നല്കുന്നു. 15.03.2024-ലെ സ.ഉ(പി)നമ്പർ20/2024/ധന പ്രകാരം റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന് കീഴിൽ റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 170 രൂപയിൽ നിന്ന് 180 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം |

| | | | |
|---|---|---|---|
| | | | റബ്ബറിനാണ് ആനുകൂല്യം നല്കുന്നത്. സംസ്ഥാനത്ത് 2015-16 സാമ്പത്തികവർഷം മുതൽ 2024-25 (നാളിതുവരെ) വരെ റബ്ബർ ഇൻസെന്റീവ് സ്കീമിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക, വിതരണം ചെയ്ത തുക എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>നിലവിൽ 5 ലക്ഷത്തിലധികം റബ്ബർ കർഷകർ ഈ സ്കീമിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോൾ പ്രസ്തുത പദ്ധതിയുടെ പത്താം ഘട്ടമാണ് നടപ്പിലാക്കി വരുന്നത് (ജൂലൈ 2024 മുതൽ ജൂൺ 2025 വരെ) ഈ പദ്ധതിയുടെ കീഴിൽ പുതുതായി രജിസ്റ്റർ ചെയ്യുവാൻ കർഷകർക്ക് 30/11/2024 വരെ അവസരം നൽകിയിരുന്നു.<br><br>നിലവിൽ കേരളത്തിൽ മാത്രമാണ് റബ്ബറിന് താങ്ങുവില അനുവദിച്ചു വരുന്നത്.<br><br>രാജ്യത്ത് സ്വാഭാവിക റബർ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ റബ്ബർ ബോർഡ് മുഖാന്തിരം സ്വാഭാവിക റബ്ബറിന്റെ സുസ്ഥിര വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം കേരളത്തിലെ റബ്ബർ കർഷകർക്ക് പുതിയ തൈകൾ വച്ച് പിടിപ്പിക്കുന്നതിനും കേടായവ മാറ്റി പുതിയ വച്ച് പിടിപ്പിക്കുന്നതിനുമായി ഹെക്ടറിന് 40000 രൂപ നിരക്കിൽ ധനസഹായം (planting subsidy@Rs.25000/Ha, planting subsidy @ Rs 15000/ Ha for using certified planting materials) നൽകി വരുന്നു. 4 Ha കൃഷി ഭൂമിയുള്ള റബ്ബർ കർഷകർക്ക് പരമാവധി 1 Ha സ്ഥലത്ത് റബ്ബർ തൈകൾ വച്ച് പിടിപ്പിക്കുന്നതിനാണ് ധനസഹായം നൽകുന്നത്. |
| (സി) | റബ്ബർ കൃഷി ചെയ്യുന്നതിന് കർഷകർക്ക് വസ്തു വാങ്ങുവാൻ നിലിവിൽ വായ്പയും സബ്സിഡിയും നൽകുന്നുണ്ടോ; വിശദമാക്കാമോ? | (സി) | റബ്ബർ കൃഷി ചെയ്യുന്നതിന് കർഷകർക്ക് വസ്തു വാങ്ങുവാൻ വായ്പയും സബ് സിഡിയും നൽകുന്ന പദ്ധതി നിലവിലില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Financial year wise expenditure | | |
|---|---|---|
| Financial year | Budget Provision (in crore) | Subsidy amount disbursed (in crore) |
| 2015-16 | 300 | 270.21 |
| 2016-17 | 500 | 410.13 |
| 2017-18 | 500 | 225.06 |
| 2018-19 | 500 | 358.93 |
| 2019-20 | 500 | 218.51 |
| 2020-21 | 500 | 269.92 |
| 2021-22 | 500 | 20.97 |
| 2022-23 | 500 | 58.11 |
| 2023-24 | 500 | 186 |
| 2024-25 | 500 | 61.57 |
| TOTAL | | 2079.41 |

സെക്ഷൻ ഓഫീസർ